സ്റ്റാമ്പ് ഡ്യൂട്ടി

117 [307] ശ്രീ. യു. സി. രാമൻ:

,, കെ. എൻ. എ. ഖാദർ:

,, കളത്തിൽ അബ്ദുള്ള:

,, ടി. പി. എം. സാഹിർ:

,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാമ്പ് ഡ്യൂട്ടി കൂട്ടുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം രജിസ്ട്രേഷൻ ഇനത്തിൽ പ്രതീക്ഷിക്കുന്ന വരുമാന വർദ്ധനവ് എത്ര;

(സി) സംസ്ഥാനത്ത് സ്ഥലവില വർദ്ധിച്ച സാഹചര്യത്തിൽ വർദ്ധിച്ച സ്റ്റാമ്പ് ഡ്യൂട്ടി സാധാരണക്കാരന് ഭാരമാകുമെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) ഈ പ്രശ്നം സർക്കാർ പരിശോധിച്ചുവരുന്നു.

സർവ്വീസ് ഡെലിവറി പ്രോജക്ട്

118 [308] ശ്രീ. റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ സർവ്വീസ് ഡെലിവറി പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ നടപ്പുവർഷം എത്ര ഓഫീസുകളിൽ ഈ പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്നറിയിക്കാമോ;

(സി) ഈ പദ്ധതിമൂലം എന്തെല്ലാം സൗകര്യങ്ങളാണ് അധികമായുണ്ടാകുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ആവശ്യത്തിനായി നടപ്പ് സാമ്പത്തിക വർഷം എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly